(എ) കയ്യമംഗലം നിയോജകമണ്ഡലത്തിലെ ശാന്തിപുരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 1 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശാന്തിപുരം അലോപ്പതി സബ് സെന്ററിന്റെ സ്ഥലം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി വിട്ടു നൽകണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭൂമി വിട്ടു നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കയ്യമംഗലം നിയോജകമണ്ഡലത്തിലെ ശാന്തിപുരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണത്തിനായി ജി.ഒ. (ആർ.റ്റി.)നം. 1655/ 2013/ ആ. ക.വ. തീയതി 15-5-2013 പ്രകാരം ശ്രീ. വി.എസ്. സുനിൽകുമാർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി&സി) ഉണ്ട്. ശാന്തിപുരം ആയുർവേദ ആശുപത്രിക്ക് തൊട്ടടുത്തുള്ള ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സബ്സെന്റർ കോമ്പൗണ്ടിൽ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആയുർവ്വേദ-സിദ്ധ-യുനാനി വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരണം

91 (4894) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ആയുർവ്വേദ മരുന്ന് നിർമ്മാണശാലകളാണ് നിലവിലുള്ളത് ; പ്രസ്തുത മരുന്നുനിർമ്മാണശാലകളിൽ നിർമ്മിക്കുന്ന ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആയുർവ്വേദ - സിദ്ധ -യുനാനി വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിലവിലില്ലാത്തത് പ്രസ്തുത മരുന്നുകളുടെ ഗുണനിലവാര പരിശോധനയെ ബാധിക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വിഭാഗങ്ങൾക്കായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്നതിനുള്ള കേന്ദ്ര ഫണ്ട് ലഭിച്ചിട്ടും ആയത് തിരിച്ചടച്ച് വകുപ്പ് രൂപീകരണം നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

(ഡി) പ്രസ്തുത ചികിത്സാരംഗത്ത് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വതന്ത്ര ചുമതലയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 936 ഔഷധ നിർമ്മാണശാലകളാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽനിന്ന് ലൈസൻസ്നേടി ആയുർവ്വേദ ഔഷധങ്ങൾ നിർമ്മിക്കുന്നത്.

ആയുർവ്വേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ ഔഷധ നിർമ്മാണ ശാലകൾ, ഔഷധ വിൽപ്പന കേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ പരിശോധന നടത്തി അവിടെനിന്നും സാമ്പിൾ മരുന്നുകൾ ശേഖരിച്ച് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ ആയുർവ്വേദ വിഭാഗത്തിലേയ്ക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. കൂടാതെ എല്ലാ ഔഷധ നിർമ്മാതാക്കൾക്കും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ബാച്ച് അടിസ്ഥാനത്തിൽ പരിശോധിച്ച് ഗുണനിലവാരം നിർണ്ണയിക്കുന്നതിന് സ്വന്തമായി ലബോറട്ടറി സംവിധാനമുണ്ട്. ഇവയ്ക്ക് പുറമെ ആയുഷ് അംഗീകാരമുള്ള 8 ലബോറട്ടറികൾ കൂടി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ കൂടി ഔഷധ സാമ്പിൾ പരിശോധനനടത്തി ഗുണനിലവാരം നിർണ്ണയിക്കുന്നതിന് കേരളത്തിലെ എല്ലാ ഔഷധ നിർമ്മാതാക്കൾക്കും സാധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആയുർവ്വേദ വിഭാഗത്തിനായി പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം രൂപീകരിക്കാൻ കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് ആയുർവ്വേദ-സിദ്ധ-യുനാനി വിഭാഗങ്ങൾക്കായി ആയുഷ് ഡിപ്പാർട്ട്മെന്റ് രൂപീകരിച്ചിട്ടുണ്ട്. ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി മരുന്നുകളുടെ സാമ്പിളുകൾ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിൽ അയച്ച്

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ ഉണനിലവാര പരിശോധന നടത്തിവരുന്നു. ആയുർവ്വേദ വിഭാഗത്തിനായി സ്വതന്ത്ര ചുമതലയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പ് രൂപീകരിക്കുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയിൽ കൈക്കൂലി വാങ്ങുന്നത്

92 (4895) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയിൽ രോഗികളിൽ നിന്നും അവിടത്തെ ജീവനക്കാർ ഇനം തിരിച്ചു കൈക്കൂലി വാങ്ങുന്നതായി, കൈക്കൂലി പട്ടിക ഉൾപ്പെടെ, മലയാള മനോരമ ദിനപത്രം വാർത്ത പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അഴിമതിയെ കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ നടപടി എടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തിയ ശ്രീമതി എൽ. ഗീത, നഴ്സിംഗ് അസിസ്റ്റന്റിനെ പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലേയ്ക്കും ശ്രീമതി എഫ്. മുംതാസ്, നഴ്സിംഗ് അസിസ്റ്റന്റിനെ പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്കും അടിയന്തരമായി സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി വിഷയത്തെക്കുറിച്ച് വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആയുർവ്വേദ കോളേജ് വിജിലൻസ് ഓഫീസർ ഡോ. ജോളിക്കുട്ടി ഈപ്പനേയും ഫാർമക്കോഗ്നസി സീനിയർ റിസർച്ച് ഓഫീസർ (ബോട്ടണി) ശ്രീ. ജയകുമാർ, ആയുർവ്വേദ കോളേജ് മാനേജർ ശ്രീ. സുരേഷ് കുമാർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ പുനഃസംഘടന

93 (4896) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly